**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.383 — 17.10.2011 ൽ മറുപടിക്ക്

## സ്പീഡ് ഗവേർണർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി<br>ശ്രീ.എ. കെ. ശശീന്ദ്രൻ | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) പ്രൈവറ്റ് ബസ്സുകൾ , കെ. എസ്. ആർ. ടി. സി ബസ്സുകൾ, ടിപ്പർ, ടാങ്കർ, ട്രെയിലർ, സ്കൂൾ വാഹനങ്ങൾ, സ്കൂൾ കുട്ടികളുമായി പോകുന്ന വാഹനങ്ങൾ എന്നിവയിൽ സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ടോ ; | എ) പ്രൈവറ്റ് ബസ്സുകൾ , കെ. എസ്. ആർ. ടി. സി. ബസ്സുകൾ, ടിപ്പർ, ടാങ്കർ, എഡ്യുക്കേഷനൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകൾ, ട്രെയിലർ (ഹെവി വിഭാഗത്തിൽപ്പെട്ട) എന്നിവയിൽ സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട് |
| (ബി) എങ്കിൽ മേൽപ്പറഞ്ഞ വാഹനങ്ങളിൽ സ്പീഡ് ഗവർണർ നിർബന്ധമായും ഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ; | ബി) ഓട്ടോറിക്ഷ, കോൺട്രാക്ട് കാര്യേജ്, ലൈറ്റ് മോട്ടോർ വെഹിക്കിൾ-പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾ ഫോർ പേഴ്സനൽ യൂസ് തുടങ്ങി വിവിധ വിഭാഗത്തിൽപ്പെട്ട വാഹനങ്ങൾ സ്കൂൾ കുട്ടികളെ കയറ്റിക്കൊണ്ടു പോകുന്നതിന് ഉപയോഗിക്കാറുണ്ട്. ഇത്തരം വാഹനങ്ങളിൽ സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. |
| (സി) റോഡിൽ വാഹനങ്ങളുടെ സ്പീഡ് പരിശോധനയ്ക്ക് സ്പീഡ് പരിശോധനാവാഹനം കാര്യക്ഷമമായി പ്രവർത്തിപ്പിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ ; ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | സി) വാഹനങ്ങളുടെ സ്പീഡ് പരിശോധനയ്ക്ക് സ്പീഡ് പരിശോധനാ വാഹനം കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ